# വിദേശകാര്യമന്ത്രി  ബ്രിക്സ് യുവ പ്രതിനിധികളെ സ്വാഗതം ചെയ്തു

ജൂണ്  30, 2016
ആദരണീയയായ കേന്ദ്ര വിദേശകാര്യമന്ത്രി , ബ്രസീല്, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക ( ബ്രിക്സ് ) യുവ പ്രതിനിധികളെ ന്യൂഡെൽഹിയില് ഇന്ന് സ്വാഗതം ചെയ്തു

ഗുവാഹട്ടിയില് ജൂലൈ ഒന്നു മുതല് മൂന്നു വരെ നടക്കുവാന് പോകുന്ന ( ജൂലൈ 01-03,2016) ബ്രിക്സ് യൂത്ത് ഫോറത്തില് പങ്കെടുക്കുവാന് ഇന്ത്യയില്  എത്തിച്ചേർന്ന യുവപ്രതിനിധികൾക്ക് ഊഷ്മളമായ വരവേൽപ്പാണ് വിദേശകാര്യമന്ത്രി നല്കിയത്

ഉച്ചകോടിയോട് അനുബന്ധിച്ച് ,  കാര്യശേഷി വികസനം, സംരംഭകത്വം, സമൂഹ അംഗീകാരം, യുവ സന്നദ്ധപ്രവർത്തകര്, ഭരണ നിർവഹണത്തില് യുവാക്കളുടെ പങ്കാളിത്തം തുടങ്ങി ഉച്ചകോടിയുടെ കാതല് ആശയങ്ങളില്  ബ്രിക്സ് യുവ പ്രതിനിധികള് ചർച്ചകള് നടത്തും
യുവ പ്രതിനിധികളെ ബ്രിക്സ് അംബാസഡർമാരെന്ന് വിളിച്ച വിദേശകാര്യ മന്ത്രി , ഇന്ത്യയിലെ അവരുടെ വാസം സന്തോഷം നിറഞ്ഞതാകട്ടെ എന്നും ഗുവാഹട്ടിയിലെ ബ്രിക്സ് യുവ ഉച്ചകോടിയിലെ  ഇടപെടലുകൾക്കു ഫലപ്രാപ്തി ഉണ്ടാകട്ടെ എന്നും  ആശംസിച്ചു.

ന്യൂഡെൽഹി
ജൂണ്  30, 2016